## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1625 21-03-2012-ലെ മറുപടിക്ക്

## സോയിൽ ഹെൽത്ത് കാർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ<br>,, എം. പി. വിൻസെന്റ്<br>,, പാലോട് രവി<br>,, ലൂഡി ലൂയിസ് | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ഇതിന്റെ സവിശേഷതകൾ എന്തെല്ലാം;

(ബി) മണ്ണിന്റെ രാസഭൗതിക സ്വഭാവങ്ങളെ അവയുടെ ഉത്ഭവം, അവ സ്ഥിതി ചെയ്യുന്ന ഭൂപ്രകൃതി ഇവയുമായി ബന്ധപ്പെടുത്തി ശരിയായ രീതിയിൽ അപഗ്രഥിച്ച് മണ്ണിലടങ്ങിയിരിക്കുന്ന പ്രധാന മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ തോത്, മണ്ണിന്റെ ഫലപുഷ്ടിയുടെ അളവു കോലായ ബേസ് സാച്ചുറേഷൻ പെർസന്റേജ്, (ബിഎസ്.പി.) ധനായണവിനിമയ ശേഷി (സിഇസി) എന്നിവ ശാസ്ത്രീയ പരിശോധനകളിലൂടെ കണ്ടെത്തി അനുയോജ്യമായ വളപ്രയോഗവും പരിപാലന മുറകളും സോയിൽ ഹെൽത്ത് കാർഡിലൂടെ കർഷകർക്ക് ലഭിക്കുന്നു.

മണ്ണിലടങ്ങിയിട്ടുള്ള അവശ്യമൂലകങ്ങളായ പാക്യജനകം, ഭാവഹം, ക്ഷാരം കൂടാതെ ഗന്ധകം, സൂക്ഷ്മമൂലകങ്ങളായ സിങ്ക്, ഇരുമ്പ്, ചെമ്പ്, മാംഗനീസ്, ബോറോൺ എന്നിവയുടെ മണ്ണിലടങ്ങിയിരിക്കുന്ന അളവ് ശാസ്ത്രീയ പരിശോധനയിലൂടെ കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡിലൂടെ ലഭ്യമാക്കുന്നു.

കൂടാതെ മണ്ണു സാമ്പിളുകൾ ശേഖരിക്കുന്ന ഭൂമിയുടെ ഉന്നതി, ചരിവ്, മണ്ണൊലിപ്പ്,

ഭൂഗർഭജലവിതാനം, മണ്ണിന്റെ രചന, ഘടന ആഴം, മണ്ണിന്റെ അമ്ലഗുണം/ക്ഷാരഗുണം, വൈദ്യുതി ചാലകത, ധനായണവിനിമയ ശേഷി, ജലസംഗ്രണ ശേഷി, ഉൽപ്പാദനക്ഷമത എന്നിവയും നൽകുന്നു.

കർഷകന്റെ പുരയിടത്തിൽ കൃഷി ചെയ്യുന്ന വിളയ്ക്ക് അനുയോജ്യമായ പരിപാലനമുറകളും, ജൈവവളമുൾപ്പെടെയുള്ള ശുപാർശകളും ഈ കാർഡ് വഴി കർഷകർക്ക് ലഭ്യമാകുന്നു.

(സി) സംസ്ഥാനത്താകെ ഇത്തരം കാർഡുകൾ വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വിശദീകരിക്കുമോ?

(സി) സോയിൽ സർവ്വേ നാളിതുവരെ കേരളത്തിലെ 14 ജില്ലകളിലെയും തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിൽ സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ കുട്ടനാടു പ്രദേശത്തെ 27 പഞ്ചായത്തുകളിലും, തൃശ്ശൂർ കോൾ പ്രദേശം എന്നിവിടങ്ങളിലും കാസർഗോഡ് ജില്ലയിലെ മടിക്കൈ പഞ്ചായത്തിൽ പൂർണ്ണമായും കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ, മൊറയൂർ, വാഴയൂർ പഞ്ചായത്തുകളിലെ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. ഇപ്പോൾ, എല്ലാ ജില്ലയിലും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ജില്ലാ മണ്ണു പര്യവേഷണ ഓഫീസറുടെ നേതൃത്വത്തിൽ സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനായി ജനപങ്കാളിത്തത്തോടെ മണ്ണു സാമ്പിളുകളുടെ ശേഖരണം നടന്നു വരുന്നു. സംസ്ഥാനത്താകെ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ